നമ്പർ A U2-40122/14.

സാമൂഹ്യ നീതിഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 05.02.2015.

## സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - NGO-അക്രഡിറ്റേഷൻ - സ്ഥാപന സന്ദർശനം- സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിലെ 16.12.2014 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

NGO അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് സ്ഥാപന സന്ദർശനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മേൽ സൂചന ഉത്തരവ് പ്രകാരം ഇൻടേക്ക് അസസ്മെന്റ് ടീമിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി ഉദ്യോഗസ്ഥരിൽ പലരും യഥാസമയം അപേക്ഷകൾ കൈപ്പറ്റുകയോ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല.

ഈ കാര്യാലയത്തിൽ നിന്നും അപേക്ഷകൾ കൈപ്പറ്റാത്ത ഉദ്യോഗസ്ഥർ 2015 ഫെബ്രുവരി 10- ാം തീയതിയ്ക്ക് മുൻപായി അപേക്ഷകൾ കൈപ്പറ്റേണ്ടതും ഇൻടേക്ക് അസ്സസ്സ്മെന്റിനായി ചുമതലപ്പെടുത്തിയിട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരും 2015 ഫെബ്രുവരി 15- ാം തീയതിയ്ക്ക് മുൻപായി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

അക്രഡിറ്റേഷനായുള്ള അപേക്ഷകൾ വിശദമായ അന്വേഷണറിപ്പോർട്ട് സഹിതം അക്രഡിറ്റേഷൻ കൗൺസിൽ മുൻപാകെ സമയബന്ധിതമായി സമർപ്പിക്കേണ്ടതിനാൽ സമയക്ളിപ്തത നിർബന്ധമായും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് - 1.ഡയറക്ടറുടെ സി.എ
2.സ്റ്റോക്ക് ഫയൽ/സ്പെയർ.

AJ